**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3104** **25-06-2024 - ൽ മറുപടിയ്ക്ക്**

**കപ്പലിടിച്ച് മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികൾ ബോട്ടപകടങ്ങളിൽ പെട്ട് മരണമടഞ്ഞാൽ എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് സർക്കാർ നൽകുന്നത് ;വ്യക്തമാക്കാമോ; | (എ) | മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികൾ ബോട്ടപകടങ്ങളിൽ പെട്ട് മരണം സംഭവിച്ചാൽ ആശ്രിതർക്ക് ധനസഹായമായി 10 ലക്ഷം രൂപയും, മരണാനന്തര ചടങ്ങുകൾക്കായി 15,000/- രൂപയും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നൽകി വരുന്നു. മത്സ്യഫെഡിൽ ഇൻഷ്വറൻസ് എടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് കാലയളവിനുള്ളിൽ മരണം സംഭവിക്കുകയാണെങ്കിൽ ആശ്രിതർക്ക് ധനസഹായമായി 10 ലക്ഷം രൂപയും നൽകി വരുന്നു. |
| (ബി) | കപ്പൽച്ചാൽ ലംഘിച്ച് വന്ന കപ്പലിടിച്ച് പൊന്നാനിയിൽ മരണമടഞ്ഞ രണ്ട് മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വ്യക്തമാക്കാമോ; | (ബി) | കപ്പൽചാൽ ലംഘിച്ചു വന്ന കപ്പലിടിച്ചു പൊന്നാനിയിൽ മരണമടഞ്ഞ രണ്ടു മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കു കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ധനസഹായമായി 10 ലക്ഷം രൂപ നല്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മരണമടഞ്ഞ രണ്ട് മത്സ്യത്തൊഴിലാളികളും മത്സ്യഫെഡിന്റെ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നിട്ടില്ലാത്തതിനാൽ മത്സ്യഫെഡ് വഴിയുള്ള ഇൻഷ്വറൻസ് ആനുകൂല്യം നൽകുവാൻ നിർവ്വാഹമില്ല. എന്നിരുന്നാലും മരണമടഞ്ഞ രണ്ടു മത്സ്യത്തൊഴി ലാളികളുടെ കുടുംബങ്ങൾക്ക് മത്സ്യഫെഡ് ചെയർമാന്റെ ദുരിതാശ്വാസനിധിയിൽ നിന്നും 5000/- രൂപ വീതവും പരിക്കേറ്റ 4 മത്സ്യത്തൊഴിലാളികൾക്കായി 2500/- രൂപ വീതവും അനുവദിച്ചിട്ടുണ്ട്. |
| (സി) | നിയമവിരുദ്ധമായി കപ്പൽച്ചാൽ ലംഘിച്ചതിനാൽ കപ്പൽ കമ്പനിക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ? | (സി) | ഡയറക്ടർ ജനൽ ഓഫ് ഷിപ്പിംഗ് അപകടത്തിൽ പരിക്കേറ്റ മത്സ്യ തൊഴിലാളികളുടെ മൊഴിയെടുക്കുകയും തുടർ നടപടി സ്വീകരിച്ച് വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ